കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -കേരള മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാര്യം — തളിപ്പറമ്പ് നഗരസഭ സീനിയർ ക്ലാർക്ക് ശ്രീ.വി.സി.മുകുന്ദന്റെ മുൻകാല സർവ്വീസിലെ ശമ്പളം പരിരക്ഷിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 245/2016/തസ്വഭവ തീയതി, തിരുവനന്തപുരം, 22/01/2016.

---

പരാമർശം :
1. 13/7/1987-ലെ ജി.ഒ.(എം.എസ്)നം.162/87/തസ്വഭവ.
2. 07/06/89-ലെ ജി.ഒ.(എം.എസ്)നം.55/89/തസ്വഭവ.
3. 12/9/06-ലെ ജി.ഒ.(എം.എസ്)നം.211/06/തസ്വഭവ.
4. 30/06/2009 ലെ ജി.ഒ(സാധ)നം1605/2009/തസ്വഭവ
5. 02/03/2012 ലെ ജി.ഒ(സാധ)നം644/2012/തസ്വഭവ
6. നഗരകാര്യഡയറക്ടറുടെ 05/10/201 തീയതിയിലെ ഇ 3-16723/15 നം. കത്ത്.

**ഉത്തരവ്**

സർക്കാർ സർവ്വീസിൽ നിന്നും മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറ്റം ലഭിച്ചുവന്നവരുടെ മുൻകാല സർവ്വീസ് ശമ്പള നിർണ്ണയത്തിന് കണക്കാക്കിക്കൊണ്ട് പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിന് 31/03/1984 മുതൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ട് പരാമർശം(2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവ് പരാമർശം (3) പ്രകാരം റദ്ദാക്കപ്പെട്ടുവെങ്കിലും ആയതിന് മുൻകാല പ്രാബല്യം ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ സർക്കാർ സർവ്വീസിൽ നിന്നും 31/03/1984 നും 11/09/2006 നും ഇടയ്ക്ക് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിയ ജീവനക്കാർക്ക് അവരുടെ മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ചു ലഭിക്കുന്നതിന് അർഹതയുണ്ട്. ഇതിൻപ്രകാരം സർക്കാർ സർവ്വീസിൽ നിന്നും മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിയ ചില ഉദ്യോഗസ്ഥർക്ക് കോടതിവിധിയുടെ അടിസ്ഥാനത്തിൽ അവരുടെ മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ച് നൽകിക്കൊണ്ട് പരാമർശം (4), (5) പ്രകാരം ഉത്തരവായിരുന്നു.

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ തളിപ്പറമ്പ് നഗരസഭ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലിനോക്കിവരുന്ന ശ്രീ.വി.സി.മുകുന്ദൻ പ്രസ്തുത തസ്തികയിൽ ജോലിയിൽ ചേരുന്നതിന് മുമ്പ് പോലീസ് വകുപ്പിലേയും പട്ടിക വർഗ്ഗ വികസന വകുപ്പിലേയും സേവനമനുഷ്ഠിച്ച കാലയളവിലെ സർവ്വീസും ശമ്പളവും സംരക്ഷിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (6) പ്രകാരം അപേക്ഷ നഗരകാര്യ ഡയറക്ടർ മുഖേന സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ സർവ്വീസിൽ നിന്ന്

മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിവരുന്നവർക്ക് മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ച് നൽകുന്നതിന് വ്യവസ്ഥയുള്ള പരാമർശം(1) ലെ ഉത്തരവിന്റെ പ്രാബല്യം 31/03/1984 നും 11/09/2006 നും മദ്ധ്യേ ആയതിനാലും ശ്രീ.വി.സി.മുകുന്ദൻ 03/09/2003 ൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ പ്രവേശിച്ചതിനാലും ടിയാൾക്ക് പോലീസ് വകുപ്പിലേയും പട്ടിക വർഗ്ഗ വികസന വകുപ്പിലേയും സേവനം അനുഷ്ഠിച്ച കാലയളവിലെ റഗുലർ സർവ്വീസ് കണക്കിലെടുത്ത് ശമ്പളം പരിരക്ഷിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സോണിയ വാഷിംഗ്ടൺ,
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം .(ശ്രീ.വി.സി.മുകുന്ദന്റെ സേവനപുസ്തകവും ഉൾപ്പെടെ)
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, തളിപ്പറമ്പ് നഗരസഭ.
ശ്രീ.വി.സി.മുകുന്ദൻ, സീനിയർ ക്ലാർക്ക്, തളിപ്പറമ്പ് നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ